കൗൺസിൽ

# വിവാഹം സ്വർഗത്തിൽ നടക്കുന്നു, ജീവിതമോ?

18



ഡോ. സൂസൻ കോരുത്
PhD,MSc,MSW,MBA
http://www.drsusankoruthu.com

ഡോ. സൂസൻ കൊരുത്, PhD, MSc, MSW, MBA, ര ര പതിറ്റാിലധികം പ്രവൃത്തി പരിചയമുള്ള ഒരു ലൈസൻസ്ഡ് മൈൻഡ് കെയർ വിദഗ്ദ്ധയും ലൈഫ് സൈക്കോളജിസ്റ്റും, ബിസിനസ്സ് സൈക്കോളജിസ്റ്റും, ഫെർട്ടിലിറ്റി & സെക്സ് തെറാപ്പിസ്റ്റും, മാര്യേജ് & ഫാമിലി തെറാപ്പിസ്റ്റും, മൈൻഡ് വെൽനെസ്സ് & ലൈഫ് സ്കിൽസ് കോച്ച്, പേർസണൽ & കോർപ്പറേറ്റ് കോച്ച്, പേഴ്സണൽ ട്രാൻസ്ഫോർമേഷൻ തെറാപ്പിസ്റ്റ്, ടീനേജ് & പേരെന്റ്റിങ് കൗൺസിലറും, പേഴ്സണാലിറ്റി & ബിഹേവിയർ ഡിസോർഡർ തെറാപ്പിസ്റ്റും, കർമ്മ തെറാപ്പിസ്റ്റും, പുസ്തക രചയിതാവും, ലീഡർഷിപ് മെൻറ്ററും ആണ്.

നമ്മുടെ വായനക്കാരിൽ നിന്നു ലഭിച്ച അഭ്യർത്ഥനയനുസരിച്ചു വിവാഹ ജീവിതത്തെ പറ്റിയാകാം ഇനിയുള്ള കുറച്ചു ലക്കങ്ങൾ എന്ന് കരുതുന്നു.

ആദ്യമായി വിവാഹത്തെക്കുറിച്ചു നമുക്കൊരു അവലോകനം നടത്താം. വിവാഹം എന്നത് അധികപക്ഷമാളുകൾക്കും മനോഹരമായ സ്വപ്നസാക്ഷാത്കാരമാണ്. പ്രണയിച്ചു വിവാഹിതരാകുന്നവരുടെ കാര്യമാണെങ്കിൽ പറയുകയും വേണ്ട. തങ്ങൾ ലോകത്തിന്റെ നെറുകയിലാണെന്ന ഭാവമായിരിക്കും രണ്ടുപേർക്കും. എത്രമാത്രം ആഘോഷങ്ങളാണ് ഒരു വിവാഹത്തിന് നാമൊരുക്കുന്നത് അല്ലെ. ഒരു പുതിയ കുടുംബം ആരംഭിക്കുന്നതിന്റെ വിളംബരമാണ് കല്യാണാഘോഷങ്ങൾ. കുടുംബങ്ങൾ ഒത്തുചേർന്ന് ആഹ്ളാദാരവങ്ങളോടെ വരനെയും വധുവിനെയും പുതിയ ഒരു ജീവിതത്തിലേക്ക് നയിക്കുന്ന പ്രക്രിയ. അതിനപ്പുറം ജീവിക്കുന്നത് നിങ്ങളും നിങ്ങളുടെ ജീവിതപങ്കാളിയുമാണ്. ഇവിടെയാണ് തുടങ്ങിയപ്പോഴുള്ള അഭിനിവേശത്തോടെ നിങ്ങൾക്ക് ജീവിക്കാൻ സാധിക്കുന്നുണ്ടോ എന്ന് നിങ്ങൾ ചിന്തിക്കേണ്ടത്. വിവാഹമെന്ന ജീവിതപദ്ധതിയുടെ ആവശ്യകത എന്ത് എന്നറിയേണ്ടത്. വിവാഹം എന്നതിന് വ്യത്യസ്തങ്ങളായ ഉദ്ദേശങ്ങളാണ് ഉള്ളത്. അത് ഒരോരൊത്തരുടെയും കാഴ്ച്ചപ്പാടുകളും, ആവശ്യകതയുമനുസരിച്ചു വിവിധങ്ങളും , സവിശേഷമായവയുമായിരിക്കും. സാധാരണയായി കാണുന്ന വിവാഹ രീതികളും, ഉദ്ദേശങ്ങളും നമുക്കൊന്നു വിശകലനം ചെയ്യാം.

1 ) പ്രേമ സാക്ഷാത്കാരത്തിനുവേണ്ടി

ഇക്കൂട്ടർക്ക് ഒറ്റ ഉദ്ദേശം മാത്രമേ ഉള്ളൂ തങ്ങൾ പ്രേമിച്ച വ്യക്തിയുമായി ജീവിക്കുക. അതിനുവേണ്ടി എന്തും സഹിക്കും, എന്തും ഉപേക്ഷിക്കും. മിക്കവരും സ്വന്തം ഇഷ്ടങ്ങളും, വ്യക്തിത്വവും, താൻപോരിമയും, സ്വാതന്ത്ര്യവും, സ്വയാശ്രയവുമെല്ലാം താൻ പ്രേമിക്കുന്ന വ്യക്തിക്കു വേണ്ടി ഉപേക്ഷിക്കാൻ തയ്യാറാകും. എന്നാൽ ഇങ്ങനെയൊക്കെ ആകുമ്പോൾ പ്രേമിക്കുന്നയാൾ എങ്ങിനെയായിരിക്കണം എന്നോ തങ്ങളുടെ വിവാഹജീവിതം എങ്ങിനെയായിരിക്കണമെന്നോ ഉറച്ച തീരുമാനം എടുക്കാൻ പലർക്കും സാധിക്കുന്നില്ല. എല്ലാത്തിനെയും പലപ്പോഴും ഒരു മഞ്ഞപ്പിത്തം പിടിച്ച കണ്ണിലൂടെയായിരിക്കും ഇവർ കാണുക. മഞ്ഞ മാറി തെളിച്ചം വരുമ്പോൾ പലപ്പോഴും വൈകിയിരിക്കും. അങ്ങിനെ പ്രേമിച്ചു വിവാഹിതരായ ധാരാളം ദമ്പതികൾ പ്രശ്നങ്ങളുമായി കൗൺസലേഴ്സിനെ സമീപിക്കാറുണ്ട്. അതിൽനിന്നും മനസ്സിലാവുന്നത് പ്രേമിച്ച് അല്ലെങ്കിൽ സ്വന്ത ഇഷ്ടപ്രകാരം തെരഞ്ഞെടുക്കുന്ന ജീവിത പങ്കാളിയാണെങ്കിലും ദാമ്പത്യ ജീവിതത്തിൽ പ്രശ്നങ്ങൾ വരാം എന്നാണ്.

2) ഇനി രണ്ടാമത്തെ രീതിയാണ് വീട്ടുകാർ ഏർപ്പാടാക്കുന്ന വിവാഹം. ഇപ്രകാരമുള്ള വിവാഹത്തിൽ പരസ്പര ഇഷ്ടവും, സാമ്പത്തികവും, സാമൂഹികവും, പാരമ്പര്യവുമായ കുടുംബ പശ്ചാത്തലം നോക്കുകയും, വധുവരന്മാരുടെ പൊരുത്തം ജാതകപരമായും, ജനിതകപരമായും നോക്കുകയും, അതുപോലെ വിദ്യാഭ്യാസയോഗ്യതയും ജോലിപരമായുള്ള കെട്ടുറപ്പും ഒക്കെ നോക്കിയായിരിക്കും വിവാഹം നടത്തുക. ചിലർ കുടുംബത്തിലുള്ളവരുടെ രോഗവിവരം വരെ മനസിലാക്കിയിട്ടേ വിവാഹബന്ധത്തിനു മുതിരൂ. വിവാഹസമയത്ത് എല്ലാ കാര്യങ്ങളും ഉത്തമമായിരുന്നാലും പലവിധങ്ങളായ ദാമ്പത്യ പ്രശ്നങ്ങൾ ഇവരുടെ ജീവിതത്തിലും സംഭവിക്കാറുണ്ട്.

3) മൂന്നാമത്തെ വിഭാഗമാണ് ലിവ് ഇൻ അഥവാ നിയമപരമായ വ്യവസ്ഥകളൊന്നുമില്ലാതെ ഒരുമിച്ചു ജീവിക്കുന്ന ദമ്പതികൾ. ഇവർ തങ്ങളുടെ സ്വാതന്ത്ര്യത്തിനു ഒന്നും വിലങ്ങുതടിയാവരുത് എന്ന് കരുതിയാണ് പലപ്പോഴും ഇപ്രകാരമൊരു തീരുമാനമെടുക്കുന്നത്. എന്റെ ജീവിതം എന്റെ ഇഷ്ടം, എന്റെ മാത്രം തീരുമാനം എന്ന രീതിയിലാണ് ഇവർ ജീവിക്കുന്നത്. എന്നാലോ ഇങ്ങനെ ജീവിക്കുന്ന ദമ്പതികളും പ്രശ്നങ്ങളഭിമുഖീകരിക്കുന്നു.



'വിവാഹസമയത്ത് എല്ലാ കാര്യങ്ങളും ഉത്തമമായിരുന്നാലും പലവിധങ്ങളായ ദാമ്പത്യ പ്രശ്നങ്ങൾ ഇവരുടെ ജീവിതത്തിലും സംഭവിക്കാറുണ്ട്'

morning newsdaily

ഇനി വിവാഹം നടത്തുന്ന രീതികളാണെങ്കിലും ഓരോരുത്തരുടെയും മനോധർമ്മമനുസരിച്ചും, സാമ്പത്തിക ശേഷിയനുസരിച്ചും വിവാഹ കലാപരിപാടികൾ വ്യത്യസ്ത തലങ്ങളിലാണ്. ചിലർ തങ്ങളുടെ വിവാഹം വിനോദത്തിനുവേണ്ടിമാത്രമായി ചെയ്യുമ്പോൾ മറ്റു ചിലർ അത് ആർഭാടമായി നടത്തി തങ്ങളുടെ ആസ്തിയുടെ വ്യാപ്തി അറിയിക്കുന്നു. ഇനി മറ്റു ചിലരാകട്ടെ ദിവസങ്ങളോളം നീണ്ടു നിൽക്കുന്ന ആഘോഷങ്ങളിലൂടെ സന്തോഷഭരിതമായി വിവാഹം കൊണ്ടാടുന്നു. ചിലർ തങ്ങളുടെ ബന്ധുമിത്രാദികളുടെ സാന്നിധ്യത്തിലും പ്രാർത്ഥനയിലും വിവാഹം നടത്തുന്നു. അതുപോലെ ചിലർ വളരെ ലഘുവായ രീതിയിൽ ഒരു ചടങ്ങു മാത്രമായി നടത്തുന്നു. ഇനിയും ചിലർ നിയമപരമായി രജിസ്റ്റർ ചെയ്തു വിവാഹ ജീവിതത്തിലേക്ക് പ്രവേശിക്കുന്നു.



വിവാഹം നിങ്ങളുടെ മനോധർമ്മമനുസരിച്ചും, സാമ്പത്തിക സ്ഥിതിയനുസരിച്ചും നടത്തുന്നതിൽ തെറ്റില്ല. എന്നാൽ മറ്റുള്ളവരുടെ പ്രശംസ കിട്ടാനും, കടം വാങ്ങിയും മറ്റും ചെയ്യുമ്പോൾ അത് ഒരു ബാധ്യതയാവുന്നു. വിവാഹം ഒരു പുതിയ ജീവിതത്തിൻറ്റെ തുടക്കമാണ് അത് ഏതെങ്കിലും രീതിയിൽ ആർക്കെങ്കിലുമൊക്കെ ഒരു ബാധ്യതയാകുമ്പോൾ നിങ്ങളുടെ വിവാഹജീവിതത്തിന്റെ സന്തോഷവും, സമാധാനവും കുറേശ്ശെയായോ, ഒന്നായോ നഷ്ടമാകുന്നു. ഒരു വിവാഹവും ബന്ധനകളോ, ബാധ്യതകളോ ആകരുത്.

വിവാഹ ജീവിതം പക്വതയെത്തിയ സ്വയം പര്യാപ്തമായ ജീവിക്കാനറിയാവുന്ന രണ്ടു വ്യക്തികൾ തമ്മിലാകുമ്പോഴാണ് സന്തോഷവും, സമാധാനവും ആ ജീവിതത്തിൽ ഉണ്ടാവുന്നത്. എല്ലാം തികഞ്ഞവരായ വ്യക്തികളില്ലല്ലോ. ഇനി എല്ലാവർക്കും സമ്മതനായ എല്ലാം തികഞ്ഞ വ്യക്തികളെ കണ്ടെത്തുകയും പ്രയാസം തന്നെ. കാരണം നാമോരോരുത്തരുടേയും ഇഷ്ടങ്ങളും, ആവശ്യങ്ങളുമെല്ലാം വ്യത്യസ്തങ്ങളാണ്. അതുകൊണ്ടുതന്നെ പൊതു സമ്മതനായ ഉത്തമ വ്യക്തികളെന്നതു ഒരു സങ്കല്പം മാത്രമാണ്. നിങ്ങളുടെ ഇഷ്ട വ്യക്തിത്വങ്ങളേതോ അതാണ് നിങ്ങൾക്ക് ഉത്തമ വ്യക്തിയായിട്ടുള്ളത്. അതുകൊണ്ടുതന്നെ ഒരാൾക്ക് ഉത്തമപങ്കാളിയെന്നു തോന്നുന്നയാൾ മറ്റൊരാൾക്ക് അങ്ങിനെയാകണം എന്നില്ല. ഒരാൾക്ക് ഉയർന്ന വിദ്യാഭ്യാസമുള്ള ജോലിയുള്ളയാളെ വേണ്ടപ്പോൾ, മറ്റു ചിലർക്ക് അത്ര വിദ്യാഭാസമില്ലെങ്കിലും ജോലിയുള്ളയാളെ മതി, ഇനി ചിലർക്ക് പണം മാത്രം ഉള്ളവർ മതി, ജോലിയോ വിദ്യാഭ്യാസമോ പ്രശ്നമല്ല. ചിലർക്ക് ആരോഗ്യമുള്ള, സൗന്ദര്യമുള്ളവരെ വേണ്ടപ്പോൾ ചിലർക്കും സൗന്ദര്യം പ്രശ്നമല്ല ആരോഗ്യമുള്ളവർ മതി, ഇനിയും ചിലർക്ക്, എന്തായാലും പ്രശ്നമല്ല, നല്ല പൈസ കിട്ടണം. ഇനി ചിലരാകട്ടെ നല്ല സ്വഭാവമുള്ള, അനുസരണയുള്ള, തറുതല പറയാത്ത പങ്കാളിയായിരിക്കും ആഗ്രഹിക്കുക. മറ്റുചിലരാകട്ടെ തങ്ങളെ സ്നേഹം കൊണ്ട് വീർപ്പുമുട്ടിക്കുന്നവരെയായിരിക്കും ആഗ്രഹിക്കുക, എന്നാൽ ചിലർ സ്നേഹമൊന്നും പ്രകടിപ്പിച്ചില്ലെല്ലും വേണ്ടില്ല ഉപദ്രവിക്കാതിരുന്നാൽ മതി എന്ന മതക്കാരാവും. ചിലരാകട്ടെ തങ്ങളുടെ എല്ലാ കാര്യങ്ങളും നടത്തിത്തരാൻ കെൽപുള്ളവരായിരിക്കണം പങ്കാളികൾ എന്ന് കരുതുന്നവരാണ്. ഇനി ചിലർ എനിക്കുവേണ്ടി ജോലി ചെയ്യുന്നവരാകണം പങ്കാളികൾ എന്ന് ആഗ്രഹിക്കുന്നവരാണ്. ഇനി ചിലർ തങ്ങളുടെ ലൈംഗീകതയ്ക്കുവേണ്ടി മാത്രമുള്ളതാണ് പങ്കാളികളെന്നു കരുതുന്നു. കുറച്ചു പേരെങ്കിലും തങ്ങൾക്കു കിട്ടിയ അടിമകളാണ് പങ്കാളികൾ എന്ന് ധരിക്കുന്നു.

എങ്ങിനെയൊക്കെ വിവാഹിതരായാലും, ഏതൊക്കെ രീതി അവലംബിച്ചാലും ജീവിതം നരകമായാൽ തീർന്നില്ലേ എല്ലാം. അതുകൊണ്ടുതന്നെ വിവാഹം എങ്ങിനെ നടന്നാലും ജീവിതം സ്വർഗ്ഗതുല്യമായാലേ സന്തോഷമായും സമാധാനമായും ജീവിക്കാൻ സാധിക്കൂ. നാമോരോരുത്തരും ചിന്തിച്ചു നോക്കുക വിവാഹം സ്വർഗ്ഗത്തിലും ജീവിതം നരകത്തിലുമാണോ. അതോ രണ്ടും സ്വർഗ്ഗത്തിലാണോ, കുറഞ്ഞപക്ഷം ജീവിതം ഭൂമിയിലെങ്കിലുമാണോ എന്ന് ഒന്നവലോകനം ചെയ്യുന്നത് നന്നായിരിക്കും. അപ്രകാരം ചെയ്യുന്നത് പരസ്പരം പഴിചാരാനോ, ചെളി വാരിയെറിയാനോ അല്ല കേട്ടോ, പിന്നെയോ എങ്ങിനെയുണ്ട് ഇപ്പോഴത്തെ നിങ്ങളുടെ വിവാഹ ജീവിതമെന്നും, ഇങ്ങനെത്തന്നെ മുമ്പോട്ടുപോയാൽ മതിയോ എന്നും മനസ്സിലാക്കാനായിട്ടാണ്. ഓരോ വ്യക്തിയും സ്വയം മനസ്സിലാക്കുകയും, തങ്ങളുടെ വിവാഹജീവിതത്തിന്റെ പ്രധാന ഉദ്ദേശം എന്തെന്ന് വ്യക്തമായി മനസ്സിലാക്കി, തങ്ങളുടെ കടമകൾ നിറവേറ്റിക്കൊണ്ട് ജീവിക്കുമ്പോഴാണ് ജീവിതം സുഖകരവും സന്തുഷ്ടവുമാവുന്നത്.

